**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1355** **18-01-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർഭൂമിയുടെ ഉടമസ്ഥാവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . വി .എസ്. ശിവകുമാർ,<br>ശ്രീ . കെ. സി . ജോസഫ് ,<br>ശ്രീ. പി. ടി. തോമസ് | | Shri E. Chandrasekharan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി) | |
| (എ) | കേരളത്തിലെ പൊതു സ്വത്തായ വസ്തുവിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണോ; ഇത് സംബന്ധിച്ച് മന്ത്രിസഭ പാസാക്കിയ ഏതെങ്കിലും ഉത്തരവ് നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ പൊതു സ്വത്തായ വസ്തുവിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്. ഇത് സംബന്ധിച്ച് മന്ത്രിസഭ പാസാക്കിയ ഉത്തരവ് നിലവിലില്ല. എങ്കിലും സർക്കുലറുകളും സർക്കാർ ഉത്തരവും നിലവിലുണ്ട്. കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ് പ്രകാരം സംസ്ഥാന സർക്കാർ വക ഭൂമിയുടെ ഉടമസ്ഥാവകാശം, ഭൂമി പാട്ടത്തിനു കൊടുക്കൽ പതിച്ചു നൽകൽ ഭൂസംരക്ഷണം, ഭൂമി ഏറ്റെടുക്കൽ എന്നിവ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്. |
| (ബി) | കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ്സ് പ്രകാരം സംസ്ഥാന സർക്കാർ വക ഭൂമിയുടെ ഉടമസ്ഥാവകാശം, ഭൂമി പാട്ടത്തിനു കൊടുക്കൽ, പതിച്ചു നൽകൽ, ഭൂസംരക്ഷണം, ഭൂമി ഏറ്റെടുക്കൽ എന്നിവ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണോയെന്ന് വ്യക്തമാക്കാമോ; | (ബി) | കേരളത്തിലെ പൊതു സ്വത്തായ വസ്തുവിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്. ഇത് സംബന്ധിച്ച് മന്ത്രിസഭ പാസാക്കിയ ഉത്തരവ് നിലവിലില്ല. എങ്കിലും സർക്കുലറുകളും സർക്കാർ ഉത്തരവും നിലവിലുണ്ട്. കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ് പ്രകാരം സംസ്ഥാന സർക്കാർ വക ഭൂമിയുടെ ഉടമസ്ഥാവകാശം, ഭൂമി പാട്ടത്തിനു കൊടുക്കൽ പതിച്ചു നൽകൽ ഭൂസംരക്ഷണം, ഭൂമി ഏറ്റെടുക്കൽ എന്നിവ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്. |
| (സി) | എങ്കിൽ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പതിനഞ്ച് സ്ഥലങ്ങൾ സ്വകാര്യ വ്യക്തികൾക്ക് വേസൈഡ് അമിനിറ്റീസ് ഉണ്ടാക്കുന്നതിനായി പാട്ടത്തിനു നൽകുന്നതിന് പി.ഡബ്ല്യൂ.ഡി. ഇറക്കിയ ഉത്തരവ് ഈ നിയമങ്ങളുടെ ലംഘനമല്ലേയെന്ന് വെളിപ്പെടുത്താമോ; | (സി) | റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പതിനഞ്ച് സ്ഥലങ്ങൾ സ്വകാര്യ വ്യക്തികൾക്ക് വേസൈഡ് അമിനിറ്റീസ് ഉണ്ടാക്കുന്നതിനായി പാട്ടത്തിനു നൽകുന്നതിന് പി.ഡബ്ല്യൂ.ഡി. ഉത്തരവ് ഇറക്കിയിട്ടില്ല. |
| (ഡി) | ഈ ഉത്തരവിനെ ആധാരമാക്കി റവന്യൂ മന്ത്രി തന്നെ പി.ഡബ്ല്യൂ.ഡി. ഫയലിൽ റിമാർക്സ് | (ഡി) | റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പതിനഞ്ച് സ്ഥലങ്ങൾ സ്വകാര്യ വ്യക്തികൾക്ക് വേസൈഡ് അമിനിറ്റീസ് ഉണ്ടാക്കുന്നതിനായി പാട്ടത്തിനു |

| | | | |
|---|---|---|---|
| | രേഖപ്പെടുത്തിയിരുന്നോ; എങ്കിൽ അതിന്റെ സാഹചര്യം വിശദമാക്കാമോ? | | നൽകുന്നതിന് പി.ഡബ്ല്യൂ.ഡി. ഉത്തരവ് ഇറക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ